പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.793 11.06.2014 ൽ മറുപടിക്ക്

## മുല്ലപ്പെരിയാർ വിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ.എസ്. ശർമ്മ<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.വി. വിജയദാസ് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മുല്ലപ്പെരിയാർ പ്രശ്നത്തിൽ സുപ്രീം കോടതി നിയമിച്ച ഉന്നതാധികാര സമിതി മുമ്പാകെ സംസ്ഥാനത്തിന്റെ വാദങ്ങൾ കൃത്യതയോടെ അവതരിപ്പിക്കുതിൽ വന്ന വീഴ്ചയാണ് പ്രതികൂലമായ വിധിക്ക് കാരണമായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉന്നതാധികാര സമിതിയുടെ മുമ്പാകെ സംസ്ഥാനത്തിന്റെ വാദങ്ങൾ കൃത്യതയോടെ അവതരിപ്പിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടില്ല. |
| (ബി) കേരളത്തിൽ നിന്നുള്ള പ്രതിനിധിയെപ്പോലും കാര്യങ്ങൾ വസ്തുനിഷ്ഠമായി ബോധ്യപ്പെടുത്തുന്നതിൽ പരാജയപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (ബി) മുല്ലപ്പെരിയാർ കേസുമായി ബന്ധപ്പെട്ട കേരളത്തിന്റെ മുതിർന്ന ഉദ്യോഗസ്ഥർ കേരളത്തിന്റെ പ്രതിനിധിയെ യഥാസമയം നേരിൽ കണ്ട് വസ്തുതകൾ കൃത്യമായി ബോദ്ധ്യപ്പെടുത്തുകയും ചർച്ചകൾ നടത്തുകയും കേരളത്തിന്റെ വാദമുഖങ്ങൾക്ക് ആധാരമായ എല്ലാ രേഖകളും അദ്ദേഹത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇക്കാര്യത്തിൽ നേരിട്ടു മേൽനോട്ടം വഹിക്കുന്നതിൽ പരാജയം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (സി) പരാജയം ഉണ്ടായിട്ടില്ല. |

| | |
|---|---|
| ( ഡ 1 ) കേരളത്തിന്റേത് നിഷേ (ഡി) ധാത്മക സമീപനമായിരുന്നെന്ന ഉന്നതാധികാര സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനം പരിശോധിച്ചിരുന്നുവോ; അതു തിരുത്തിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | കേരളത്തിന് സുരക്ഷയും തമിഴ് നാടിന് ജലവും എന്നുള്ള തികച്ചും അനുകൂലമായ നിലപാടാണ് കേസ് നടത്തിപ്പിൽ കേരളം കൈക്കൊണ്ടിട്ടുള്ളത്. ഉന്നതാധികാര സമിതിയുടെ മുമ്പാകെ കേരളം പുതിയ ഡാം സംബന്ധിച്ച കാര്യങ്ങൾ അറിയിക്കുമ്പോഴും ഇക്കാര്യത്തിനാണ് ഊന്നൽ നൽകിയിരിക്കുന്നത്. കേരളം നിഷേധാത്മകമായ യാതൊരു നിലപാടും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ